# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4802 | 22/03/2018-ൽ മറുപടിക്ക്

## വൈദ്യുതി മൂലമുണ്ടാകുന്ന അപകടങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഡി.കെ. മുരളി** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വൈദ്യുതി മൂലമുണ്ടാകുന്ന അപകടങ്ങളിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്കും എന്തെല്ലാം സഹായങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും പരിക്കേൽക്കുന്നവർക്കും നൽകി വരുന്ന സഹായങ്ങളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു.<br>1. പൊതുജനങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾ<br>അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ, സുരക്ഷാ മുൻകരുതലുകൾ എടുക്കുന്നതിൽ വിമുഖത കാണിക്കുക, എന്നീ കാരണങ്ങളാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണമടയുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം 1 ലക്ഷം രൂപയും പരിക്കേല്ക്കുന്നവർക്ക് അപകടത്തിന്റെ ഫലമായുണ്ടായ സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി ആശ്വാസ ധനസഹായം (പരമാവധി 1 ലക്ഷം രൂപ) അനുവദിക്കുന്നുണ്ട്.<br><br>കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളുടെ തകരാറുകൾ മൂലവും പൊട്ടിവീണ വൈദ്യുതി കമ്പിയിൽ നിന്നും വൈദ്യുതാഘാതമേല്ക്കുന്നതു മൂലവും മരണം സംഭവിക്കുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് 5 ലക്ഷം രൂപയും പരിക്കേല്ക്കുന്നവർക്ക് അപകടത്തിന്റെ ഫലമായുണ്ടായ സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുകയും (പരാമാവധി 5 ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി ആശ്വാസ ധനസഹായമായി അനുവദിച്ച് നല്കിവരുന്നു. |

2. ബോർഡ് ജീവനക്കാർക്കുള്ള നഷ്ട പരിഹാരം.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെടുകയോ അപകട മരണം സംഭവിക്കുകയോ ചെയ്യുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളിക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ചാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. കൂടാതെ ദീർഘകാല കരാർ പ്രകാരം സാമ്പത്തിക ആനുകൂല്യങ്ങളും നല്കി വരുന്നു. ഇപ്രകാരം താഴെപ്പറയുന്ന നഷ്ടപരിഹാരത്തിനും സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

മരണാനന്തര നഷ്ടപരിഹാരം

1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം (3,97,480/-രൂപ മുതൽ 9,14,160/- രൂപ വരെ)

2. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ, ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുവാൻ അർഹതയുണ്ട്.

3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.

4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.

5. ശവസംസ്കാര ചെലവിനായി 7,500/- രൂപയ്ക്ക് അർഹതയുണ്ട്.

6. അപകടം സംഭവിക്കുന്ന ജീവനക്കാർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ വ്യവസ്ഥകൾ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഓഫീസർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എന്നിരുന്നാലും ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന ഓഫീസർ വിഭാഗത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്കും ബോർഡിന്റെ തീരുമാനങ്ങൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ ആശ്വാസധന സഹായവും (3,97,480/- രൂപ മുതൽ 9,14,160/- രൂപ വരെ) പൂർണ്ണമായ ചികിത്സാ ചെലവും നല്കുന്നു. ഇതിലുപരിയായി ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് നല്കുന്ന മുകളിൽ പറഞ്ഞ എല്ലാ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങളും ഓഫീസർ വിഭാഗത്തിനും ലഭിക്കുന്നതിന് അർഹതയുണ്ട്.

3. <u>കരാർ തൊഴിലാളികൾക്ക് നല്കുന്ന നഷ്ടപരിഹാരം.</u>

മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന മരണാനന്തര നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

<u>മരണാനന്തര നഷ്ടപരിഹാരം</u>

1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480/- രൂപ മുതൽ 9,14,160/- രൂപ വരെ.

2. ശവസംസ്കാര ചെലവിനായി 5,000/- രൂപ.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം

| | | | |
|---|---|---|---|
| | | | കരാറുകാരനായിരിക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്കും, കരാറുകാരൻ കൂടി പ്രസ്തുത ജോലിയിൽ ഏർപ്പെടുവാൻ താൽപര്യപ്പെടുന്ന സാഹചര്യത്തിൽ ടിയാന് ഉൾപ്പെടെ അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിമിൽ നിന്നോ കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പാലിച്ചു വരുന്നു .<br><br>ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പടെ ലഭിക്കുന്നതിന് മരണപ്പെട്ടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്. |
| (ബി) | ടി ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് പരിഹാര നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | നഷ്ടപരിഹാരം അനുവദിക്കുന്നതിന്റെ അർഹതപരിശോധിക്കുന്നതിന് വേണ്ടതായ രേഖകൾ/വിവരങ്ങൾ യഥാസമയം ലഭ്യമാക്കാത്തതു കാരണവും ബോർഡിന്റെ അറിവും സമ്മതവും ഇല്ലാതെ അനധികൃതമായി വൈദ്യുതി ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്ത് അപകടത്തിൽപ്പെടുന്ന സാഹചര്യങ്ങളിലും, work order, contract of agreement / provisional work order/ Employment slip/ M-slip എന്നീ രേഖകൾ പ്രകാരം ഔദ്യോഗികമായി ചുമതലപ്പെടുത്താത്ത കരാർ ജോലികൾ കരാർ ജീവനക്കാർ അനധികൃതമായി ചെയ്യുന്ന സാഹചര്യങ്ങളിലും, ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കി നഷ്ടപരിഹാരം അതിൽ നിന്നും ഈടാക്കേണ്ടുന്നതരം കരാർ ജോലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ കെ.എസ്.ഇ.ബി. |

| | | |
|---|---|---|
| | | ലിമിറ്റഡിന്റെ ഉത്തരവുകൾ അനുസരിച്ച് എടുക്കാതിരിക്കുന്ന സാഹചര്യങ്ങളിലും, നഷ്ടപരിഹാര സംബന്ധമായ കേസുകൾ വിവിധ കോടതികളുടെ പരിഗണനയിൽ നീണ്ട കാലയളവിലേക്ക് തീരുമാനമെടുക്കുവാൻ താമസം വരുന്ന സാഹചര്യങ്ങളിലും നഷ്ടപരിഹാരം അനുവദിക്കുന്നതിന് കാലതാമസം നേരിടാറുണ്ട്. നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിനായി കത്തുകളും ഓർമ്മക്കുറിപ്പുകളും അപകടം റിപ്പോർട്ട് ചെയ്തിട്ടുള്ള ഓഫീസിലേക്കും അപകടം സംഭവിച്ച /അപകടമരണം സംഭവിച്ചയാളിന്റെ അനന്തരാവകാശികൾക്കും നൽകി വരുന്നു. വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്യുമ്പോൾ അപകടം സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം ഉറപ്പുവരുത്തുന്നതിലേക്കായി പാലിക്കേണ്ടുന്ന വ്യവസ്ഥകളും മാനദണ്ഡങ്ങളും ഉൾച്ചേർത്ത് തയ്യാറാക്കിയിട്ടുള്ള പരിപത്രം എല്ലാ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഓഫീസുകളിലും ലഭ്യമാക്കിയിട്ടുണ്ട്. |